ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 12.06.2026**

## പ്രധാനവാർത്തകൾ

1. രാഷ്ട്രപതി ദ്രൗപതി മുർമു രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഉത്തരാഖണ്ഡിൽ എത്തും. ഇന്ത്യൻ മിലിട്ടറി അക്കാദമിയിലെ പാസിംഗ് ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിക്കും.

2. സംസ്ഥാനത്ത് നിപ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതം. ചികിൽസയിലുള്ള കോഴിക്കോട് സ്വദേശിയുടെ ആരോഗ്യ നില മാറ്റമില്ലാതെ തുടരുന്നു.

3. വയനാട്ടിൽ ഏഴ് പേർക്ക് കൂടി ഷിഗല്ല സ്ഥിരീകരിച്ചു. രോഗബാധിതരുടെ ആരോഗ്യനില തൃപ്തികരമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ.

4. സംസ്ഥാനത്ത് വ്യാപക മഴ തുടരുന്നു. എറണാകുളം, ഇടുക്കി, ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. 6 ജില്ലകളിൽ മഞ്ഞ ജാഗ്രതാ മുന്നറിയിപ്പ്. മത്സ്യബന്ധനത്തിന് വിലക്ക്.

5. ഷൂട്ടിംഗ് പരിശീലകനും ഏഷ്യൻ ഗെയിംസ് സ്വർണ്ണ മെഡൽ ജേതാവുമായ ജസ്പാൽ റാണ ന്യൂഡൽഹിയിൽ അന്തരിച്ചു.

6. വനിതാ ടി-20 ക്രിക്കറ്റ് ലോകകപ്പിന് ഇന്ന് തുടക്കം. ഉദ്ഘാടന മത്സരത്തിൽ ഇംഗ്ലണ്ടും ശ്രീലങ്കയും ഏറ്റുമുട്ടും.

PNU TVPM

## രാഷ്ട്രപതി

രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ, രണ്ട് ദിവസത്തെ ഉത്തരാഖണ്ഡ് സന്ദർശനത്തിനു ഇന്ന് തുടക്കമാകും. സന്ദർശന വേളയിൽ, രാഷ്ട്രപതി ഡെറാഡൂണിലെ ഇന്ത്യൻ മിലിട്ടറി അക്കാദമിയിൽ നടക്കുന്ന 158-ാമത് റെഗുലർ കോഴ്സിന്റെയും 141-ാമത് ടെക്നിക്കൽ ഗ്രാജുവേറ്റ് കോഴ്സിന്റെയും പാസിംഗ് ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിക്കും.

❖❖❖❖❖❖❖❖❖❖❖❖❖

## നിപ (ഇൻട്രോ)

സംസ്ഥാനത്ത് നിപ രോഗബാധ സ്ഥിരീകരിച്ചതിനെ തുടർന്ന് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതം. ചികിൽസയിലുള്ള രാമനാട്ടുകര സ്വദേശിയുടെ ആരോഗ്യ നിലയിൽ മാറ്റമില്ലാതെ തുടരുന്നു.

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ല പ്രതിനിധി നസീർ ബാബു...**

**(വോയ്സ്)**

❖❖❖❖❖❖❖❖❖❖❖❖❖

## ഷിഗല്ല

വയനാട്ടിൽ 7 പേർക്ക് കൂടി ഷിഗല്ല രോഗം സ്ഥിരീകരിച്ചു. ഇതോടെ ആകെ രോഗബാധിതരുടെ എണ്ണം 16 ആയി. ചികിത്സയിൽ ഉള്ളവരുടെ ആരോഗ്യനില തൃപ്തികരമാണെന്ന് ഡി.എം.ഒ അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് ജില്ലകളിലും രോഗബാധ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്ന് ആരോഗ്യവകുപ്പ് അറിയിച്ചു.

❖❖❖❖❖❖❖❖❖❖❖❖❖

## മുഖ്യമന്ത്രി വി ഡി സതീശൻ

മുഖ്യമന്ത്രി വി ഡി സതീശൻ ശിവഗിരി മഠം സന്ദർശിച്ചു. കേരളത്തിലെ സാമൂഹിക രാഷ്ട്രീയ മേഖലകളിൽ പരിവർത്തനം സൃഷ്ടിച്ച ശ്രീനാരായണ ഗുരുവിൻറെ ആദർശങ്ങൾ എക്കാലവും പ്രചോദനം നൽകുന്നതാണെന്ന് അദ്ദേഹം പറഞ്ഞു. മുഖ്യമന്ത്രി പദത്തിൽ എത്തിയ ശേഷം ഇതാദ്യമായിയാണ് ശ്രീ

RNU TVPM

വി.ഡി.സതീശൻ ശിവഗിരിയിലെത്തുന്നത്. ശിവഗിരി മഠം ട്രസ്റ്റ് പ്രസിഡന്റ് സച്ചിദാനന്ദ സ്വാമി, ശുഭംഗനന്ദ സ്വാമി തുടങ്ങിയവർ അദ്ദേഹത്തെ സ്വീകരിച്ചു.

❖❖❖❖❖❖❖❖❖❖❖❖❖

ഫലപ്രഖ്യാപനം

എ പി ജെ അബ്ദുൽ കലാം സാങ്കേതികശാസ്ത്ര സർവകലാശാലയുടെ ഈ വർഷത്തെ ബിടെക്, ബി ആർക്, BHMCT ബിരുദ പരീക്ഷകളുടെ ഫലം മന്ത്രി റോജി എം ജോൺ പ്രഖ്യാപിച്ചു. സർവകലാശാലയുടെ 8 വർഷത്തെ ചരിത്രത്തിൽ ഏറ്റവും ഉയർന്ന വിജയശതമാനമാണ്

ഇത്തവണ നേടിയിരിക്കുന്നതെന്ന് അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

❖❖❖❖❖❖❖❖❖❖❖❖❖

ഇടുക്കി (ഇൻട്രോ)

സംസ്ഥാനത്ത് പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളിൽ ഏറ്റവും കൂടുതൽ പേർ ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ വിദ്യാലയമായി ഇടുക്കി മറയൂർ ഗവൺമെന്റ് എൽ.പി സ്കൂൾ മാറി. ഇത്തവണ ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾ ഒന്നാം ക്ലാസിൽ ചേർന്ന പൊതുവിദ്യാലയമെന്ന ബഹുമതിയും ഈ സ്കൂളിനാണ്.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്....**
**(വോയ്സ്)**

❖❖❖❖❖❖❖❖❖❖❖❖❖

മന്ത്രി സി പി ജോൺ

സ്ത്രീകൾക്ക് ഓർഡിനറി ബസുകളിൽ സൗജന്യ യാത്ര അനുവദിക്കുന്നത് കെ.എസ്.ആർ.ടി.സിയെ ഒരിക്കലും പ്രതിസന്ധി യിലാക്കില്ലെന്ന് ഗതാഗത മന്ത്രി സി പി ജോൺ. പദ്ധതി നടപ്പാക്കുമ്പോൾ ട്രെഷറിയിൽ കുറച്ചു പ്രതിസന്ധികൾ നേരിടേണ്ടി വരും. മുൻ സർക്കാർ ആരംഭിച്ച ഗ്രാമ വണ്ടി

RNU TVPM

വിപുലീകരിക്കുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

❖❖❖❖❖❖❖❖❖❖❖❖❖

## പര്യത്തുകാവ് ഭൂമി തർക്കം

എറണാകുളം പര്യത്തുകാവ് ഭൂമി തർക്കം സംബന്ധിച്ച്, സമവായത്തിലൂടെ പ്രശ്നപരിഹാരം കണ്ടെത്താനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് മന്ത്രി റോജി എം ജോൺ. ഭൂമിയിൽ താമസിക്കുന്നവരും ഭൂവുടമകളും ഉദ്യോഗസ്ഥരും പങ്കെടുത്ത ഉന്നതല യോഗത്തിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. ഇരുവിഭാഗങ്ങൾക്കും മുന്നിൽ ചില നിർദ്ദേശങ്ങൾ വെച്ചിട്ടുണ്ടെന്നും പ്രശ്നപരിഹാരത്തിനായി ഇന്ന് വൈകുന്നേരം വീണ്ടും യോഗം ചേരുമെന്നും അദ്ദേഹം പറഞ്ഞു.

❖❖❖❖❖❖❖❖❖❖❖❖❖

## മെമ്മറി കാർഡ് ചോർച്ച

കൊച്ചിയിൽ നടി ആക്രമിക്കപ്പെട്ട സംഭവത്തിലെ മെമ്മറി കാർഡ് ചോർന്നതിൽ പുനർ അന്വേഷണം ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി പരിഗണിച്ച് ഹൈക്കോടതി സിംഗിൾ ബെഞ്ച്. കഴിഞ്ഞ രണ്ട് തവണയായി ഈ കേസ് പരിഗണിക്കുന്നതിൽ നിന്ന് ജഡ്ജിമാർ പിന്മാറിയിരുന്നു. മെമ്മറി കാർഡ്, പെൻഡ്രൈവ് എന്നിവ വിചാരണ കോടതിയുടെ കസ്റ്റഡിയിൽ നിന്ന് ഹൈക്കോടതി രജിസ്ട്രാർക്ക് മുദ്ര വെച്ച കവറിൽ കൈമാറാൻ ഹൈക്കോടതി ഉത്തരവിട്ടു.

❖❖❖❖❖❖❖❖❖❖❖❖❖

## നാരി ശക്തി

സാമ്പത്തിക ഉൾപ്പെടുത്തൽ, സംരംഭകത്വം, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, ശുചിത്വം, ഭവന നിർമ്മാണം, കായികം, തുടങ്ങിയ മേഖലകളിൽ സ്ത്രീകൾ നിർണായക പങ്ക് വഹിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഡ്രോൺ സാങ്കേതികവിദ്യ പോലുള്ള മേഖലകളിൽ സ്ത്രീകളുടെ വർദ്ധിച്ചുവരുന്ന പങ്കാളിത്തം അവസരങ്ങളുടെ പുതിയ വഴികൾ തുറക്കുന്നതായി അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

❖❖❖❖❖❖❖❖❖❖❖❖❖

RNU TVPM

## മഴ

സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്നു. എറണാകുളം, ഇടുക്കി, ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയുമാണ്. കേരളം -കർണാടക- ലക്ഷദീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് ഇന്ന് വിലക്കേർപ്പെടുത്തി.

❖❖❖❖❖❖❖❖❖❖❖❖❖

## നഴ്സിങ്ങ് വിദ്യാർഥി മരിച്ചു

കൊല്ലത്ത് റീൽസ് ചിത്രീകരണത്തിനിടെ ബൈക്കുകളുടെ ഹാൻഡിലുകൾ കുരുങ്ങി ബൈക്ക് മറിഞ്ഞ് നഴ്സിങ്ങ് വിദ്യാർഥി മരിച്ചു. 3 പേർക്ക് ഗുരുതരമായി പരിക്കേറ്റു. കരുനാഗപ്പള്ളി മരുതൂർകുളങ്ങര സ്വദേശി അരവിന്ദാണ് മരിച്ചത്.

❖❖❖❖❖❖❖❖❖❖❖❖❖

## ഡാൻ സാഫ് സംഘം പിടികൂടി

400 കിലോയോളം പുകയില ഉൽപ്പന്നങ്ങളുമായി കാസർകോട് സ്വദേശി അബ്ദുൽ സാക്കിറിനെ കോഴിക്കോട് ഡാൻ സാഫ് സംഘം പിടികൂടി. ഏകദേശം 10 ലക്ഷം രൂപ വരുന്ന പുകയില ഉൽപ്പന്നങ്ങൾ 16 ചാക്കുകളിലായി കാറിൽ ഒളിപ്പിച്ച നിലയിലാണ് കണ്ടെത്തിയത്.

RNU TVPM

❖❖❖❖❖❖❖❖❖❖❖❖❖

## ബാരാപോൾ - ജലവൈദ്യുത പദ്ധതി (ഇൻട്രോ)

കണ്ണൂർ ഇരിട്ടി ബാരാപോൾ മിനി ജലവൈദ്യുത പദ്ധതിയിൽ നിന്ന് വൈദ്യുതി ഉല്പാദനം പുനരാരംഭിക്കാൻ തീരുമാനം. മന്ത്രി സണ്ണി ജോസഫിന്റെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിലാണ് തീരുമാനമായത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.**

(വോയ്സ്)

❖❖❖❖❖❖❖❖❖❖❖❖❖

## ജസ്പാൽ റാണ

ഷൂട്ടിംഗ് പരിശീലകനും ഏഷ്യൻ ഗെയിംസ് സ്വർണ്ണ മെഡൽ ജേതാവുമായ ജസ്പാൽ റാണ അന്തരിച്ചു. 49 വയസ്സായിരുന്നു. ഡൽഹിയിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. ജർമ്മനിയിൽ നടന്ന ഐ എസ് എസ്എ ഫ് ലോകകപ്പിൽ പങ്കെടുത്തശേഷം ഇന്ത്യയിലേക്ക് മടങ്ങുന്നതിനിടെ ശാരീരിക അസ്വസ്ഥതകൾ അനുഭവപ്പെടുകയായിരുന്നു. ഷൂട്ടിംഗ് താരം മനു ഭാക്കറിൻറെ പരിശീനകനായിരുന്നു. ജൻസ്പാൽ റാണയുടെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് തുടങ്ങിയവർ ദുഖം രേഖപ്പെടുത്തി.

❖❖❖❖❖❖❖❖❖❖❖❖❖

## വനിതാ ടി20

ICC വനിതാ ടി-20 ക്രിക്കറ്റ് ലോകകപ്പിൻറെ പത്താം പതിപ്പിന് ഇന്ന് തുടക്കം. ഉദ്ഘാടന മത്സരത്തിൽ ഇംഗ്ലണ്ട്, ശ്രീലങ്കയെ നേരിടും. ഇന്ത്യൻ സമയം രാത്രി 11 മണിക്കാണ് മത്സരം. 12 ടീമുകൾ മത്സരിക്കുന്ന ടൂർണമെൻറിൽ ഇന്ത്യൻ സംഘത്തെ ഹർമൻപ്രീത് കൗർ നയിക്കും. അടുത്ത മാസം 5 നാണ് ഫൈനൽ.

RNU TVPM

❖❖❖❖❖❖❖❖❖❖❖❖❖

## ഫിഫ

ഫിഫ ലോകകപ്പ് ഫുട്ബോൾ ഉദ്ഘാടന മത്സരത്തിൽ ദക്ഷിണാഫ്രിക്കയ്ക്കെതിരെ ആതിഥേയരായ മെക്സിക്കോയ്ക്ക് ജയം. മത്സരത്തിലുടനീളം ആധിപത്യം പുലർത്തിയ മെക്സികോ എതിരില്ലാത്ത രണ്ട് ഗോളുകൾക്കാണ് ദക്ഷിണാഫ്രിക്കയെ പരാജയപ്പെടുത്തിയത്. രണ്ടാമത്തെ മത്സരത്തിൽ ചെക്ക് റിപബ്ലിക്കിനെതിരെ ദക്ഷിണകൊറിയക്ക് ജയം. ഒന്നിനെതിരെ രണ്ട് ഗോളുകൾക്കാണ് ദക്ഷിണ കൊറിയയുടെ ജയം.

❖❖❖❖❖❖❖❖❖❖❖❖❖

## മോഹൻ ഭാഗവത്

ആർഎസ്എസ് ശതാബ്ദിയുടെ ഭാഗമായി തിരുവനന്തപുരത്തും തൃശൂരും സംഘടിപ്പിക്കുന്ന പരിപാടികളിൽ ആർഎസ്എസ് അധ്യക്ഷൻ മോഹൻ ഭാഗവത് പങ്കെടുക്കും. തിരുവനന്തപുരം ഉദയ

പാലസ് കൺവെൻഷൻ സെൻ്ററിൽ നാളെ വൈകിട്ട് നടക്കുന്ന പ്രഭാഷണ സഭയിൽ അദ്ദേഹം സംസാരിക്കും. തൃശൂരിൽ മറ്റന്നാൾ വൈകിട്ടാണ് പരിപാടി. മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ശ്രീ മോഹൻ ഭാഗവത് ഇന്ന് വൈകിട്ട് തിരുവനന്തപുരത്ത് എത്തും.

❖❖❖❖❖❖❖❖❖❖❖❖❖

## PIB ശില്പശാല

തിരുവനന്തപുരം പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ പ്രാദേശിക മാധ്യമ പ്രവർത്തകർക്കായി ശില്പശാല സംഘടിപ്പിച്ചു. ശ്രീകാര്യം കേന്ദ്ര കിഴങ്ങുവർഗവിള ഗവേഷണ സ്ഥാപനത്തിൽ നടക്കുന്ന പരിപാടി ഡോ. ജി. ബൈജു ഉദ്ഘാടനം ചെയ്യു. പിഐബി തിരുവനന്തപുരം അഡീഷണൽ ഡയറക്ടർ ജനറൽ വി. പളനിച്ചാമി അധ്യക്ഷത വഹിച്ചു.

RNUTVPM